പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2779 **28-10-2026-ൽ മറുപടിയ്ക്ക്**

ആശ്വാസകിരണം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ ആനുകൂല്യം നൽകിത്തുടങ്ങിയിട്ടുണ്ടോ;

മറുപടി: ഉണ്ട്. 2026 ആഗസ്റ്റ് മാസം മുതൽ പുതുക്കിയ നിരക്കിൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) 2026 ജൂൺ മുതൽ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, ചെലവഴിച്ച തുക, ആനുകൂല്യം ലഭിക്കാനുള്ളവരുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

മറുപടി:

2026 ജൂൺ മുതൽ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.

ആനുകൂല്യം ലഭിക്കാനുള്ളവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. 2026 ജൂൺ 30 ന് ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവരും പുതിയ അപേക്ഷകരും ഉൾപ്പെടെ 6873 പേർക്ക് ആനുകൂല്യം അനുവദിക്കേണ്ടതുണ്ട്.

(സി) ധനസഹായം കുടിശ്ശികയായിട്ടുണ്ടെങ്കിൽ അത് എത്രയെന്നും കുടിശ്ശിക തീർക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

മറുപടി: 23.6.2025 ലെ സ.ഉ(സാധാ)നം.164/2025/സാ.നീ.വ പ്രകാരം ഓരോ സാമ്പത്തിക വർഷവും പദ്ധതി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തി വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ രേഖകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ കുടിശ്ശിക അനുവദിക്കേണ്ടതുള്ളൂവെന്നും യഥാസമയം രേഖകൾ ഹാജരാക്കാത്തവർക്ക് കുടിശ്ശിക അനുവദിക്കുന്നതല്ലെന്നും രേഖകൾ ഹാജരാക്കുന്ന മാസം മുതലുള്ള തുകയെ അനുവദിക്കുകയുള്ളൂവെന്നും ഉത്തരവായിട്ടുണ്ട്.

2026 ജൂൺ 30 വരെ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

2026 ജൂൺ 30 ന് ശേഷം ലൈഫ് സർട്ടിഫിക്കറ്റ് / പുതിയ അപേക്ഷ സമർപ്പിച്ച 6873 പേർക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി 5,08,66,200/- രൂപയും ധനസഹായം അനുവദിച്ച 28419 ഗുണഭോക്താക്കൾക്ക് 2026 സെപ്റ്റംബർ മാസത്തെ ധനസഹായം വിതരണം ചെയ്യുന്നതിനായി 2,84,19,000/- രൂപയും കൂടി ആവശ്യമാണ്. ഇതിനായി അടുത്ത ഗഡു തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
1	തിരുവനന്തപുരം	3379	1,21,49,200
2	കൊല്ലം	1330	47,76,400
3	പത്തനംതിട്ട	544	19,03,600
4	ആലപ്പുഴ	1730	59,58,970
5	കോട്ടയം	1021	35,51,800
6	എറണാകുളം	1676	60,68,600
7	തൃശ്ശൂർ	1807	62,72,800
8	ഇടുക്കി	420	14,69,400
9	പാലക്കാട്	2669	91,11,800
10	വയനാട്	324	11,77,200
11	മലപ്പുറം	5777	2,04,57,200
12	കോഴിക്കോട്	4062	1,43,04,600
13	കണ്ണൂർ	2861	98,15,770
14	കാസർഗോഡ്	819	28,06,200
ആകെ		28419	9,98,23,540